KITE VICTERS

ഫസ്റ്റ് ബെൽ
വീട്ടിലൊരുവിദ്യാലയം




**10th Biology online class_08 16/07 2021**

# 1 അറിയാനും പ്രതികരിക്കാനും Sensations and Responses

**CLASS 5 /1**

**ജീവിതത്തിൽ പെട്ടെന്ന് ഭയമോ സങ്കടമോ അനുഭവപ്പെട്ട ചില സന്ദർഭങ്ങൾ എഴുതുക.**

**Write down some of the experiences that felt sudden fear or sadness in life.**

**പെട്ടെന്ന് പാമ്പിനെ കണ്ടത്**

**seeing a snake suddenly,**

**ഗാഢനിദ്രയിൽ ദുഃസ്വപ്നം കണ്ടത്**

**seeing nightmare at deep sleep,**

**അപ്രതീക്ഷിതമായി വഴിയിൽ നായയെ കാണുന്നത്**

**seeing dog unexpectedly on the way,**

**അപ്രതീക്ഷിതമായി ദുരന്തങ്ങളോ, അപകടങ്ങളോ സംഭവിക്കുന്നത്**

**unexpectedly occurs disasters or accidents.**

**അടിയന്തര സാഹചര്യങ്ങളിൽ ഉണ്ടാകുന്ന ശാരീരികമാറ്റങ്ങൾ എന്തെല്ലാമാണ്? സയൻസ് ഡയറിയിൽ ലിസ്റ്റ് ചെയ്യൂ.**

What are the changes that take place in the body during emergency sutiations? List them.

- ഹൃദയമിടിപ്പ് കൂടുന്നു (Heart beat increases)
- ശ്വാസോച്ഛ്വാസ നിരക്ക് കൂടുന്നു (Breathing rate increases)
- കൂടുതലായി വിയർക്കുന്നു (Excessive sweating)

**NERVOUS SYSTEM**
**നാഡീവ്യവസ്ഥ**

- Central nervous system — **കേന്ദ്രനാഡീവ്യവസ്ഥ**
- Peripheral nervous system — **പെരിഫെറൽ നാഡീവ്യവസ്ഥ**

ബോധതലത്തിനു വെളിയിൽ നടക്കുന്ന പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നത് പെരിഫെറൽ നാഡീ വ്യവസ്ഥയുടെ ഭാഗമായ സ്വതന്ത്ര നാഡീവ്യവസ്ഥയാണ്.

Activities that take place beyond the conscious level are controlled by the Autonomous Nervous System, a part of the Peripheral Nervous System.

സിംപതെറ്റിക് വ്യവസ്ഥയും പാരാസിംപതെറ്റിക് വ്യവസ്ഥയും ചേർന്നതാണ് സ്വതന്ത്ര നാഡീവ്യവസ്ഥ.

The Sympathetic System and the Parasympathetic System together form the Autonomous Nervous System.


**സ്വതന്ത്രനാഡീ വ്യവസ്ഥ**
**Autonomous Nervous System**

- Sympathetic System — **സിംപതറ്റിക് വ്യവസ്ഥ**
- Parasympathetic System — **പാരാസിംപതറ്റിക് വ്യവസ്ഥ**

**Prepared by Augustine A S GHS koonathara**

**The actions of sympathetic and parasympathetic systems during emergency.**

**അടിയന്തര ഘട്ടത്തിൽ സിംപതറ്റിക് വ്യവസ്ഥയിലും പാരാ സിംപതറ്റിക് വ്യവസ്ഥയിലും നടക്കുന്ന പ്രവർത്തനങ്ങൾ.**







**Prepared by Augustine A S GHS koonathara**

# പട്ടിക പൂർത്തിയാക്കുക (Complete the table)

| അവയവം / ഭാഗം<br>Organ/part | സിംപതറ്റിക് വ്യവസ്ഥയുടെ പ്രവർത്തനം<br>Action of Sympathetic System | പാരാ സിംപതറ്റിക് വ്യവസ്ഥയുടെ പ്രവർത്തനം<br>Action of Parasympathetic System |
|---|---|---|
| പ്യൂപിൾ (Pupil) | കണ്ണിലെ പ്യൂപിൾ വികസിക്കുന്നു.<br>The pupil in the eye dilates. | കണ്ണിലെ പ്യൂപിൾ ചുരുങ്ങുന്നു.<br>The pupil in the eye contracts. |
| ഉമിനീർ ഗ്രന്ഥി (Salivary gland) | ഉമിനീർ ഉൽപ്പാദനം കുറയുന്നു.<br>Production of saliva decreases. | ഉമിനീർ ഉൽപ്പാദനം കൂടുന്നു.<br>Production of saliva increases. |
| ശ്വാസനാളം (Trachea) | ശ്വാസനാളം വികസിക്കുന്നു.<br>Trachea expands | ശ്വാസനാളം സങ്കോചിക്കുന്നു.<br>Trachea contracts. |
| ഹൃദയം (Heart) | ഹൃദയമിടിപ്പ് കൂടുന്നു.<br>Heart beat increases. | ഹൃദയമിടിപ്പ് സാധാരണ നിലയിലാകുന്നു.<br>Heart beat becomes normal. |
| ആമാശയം (Stomach) | ആമാശയ പ്രവർത്തനങ്ങൾ മന്ദീഭവിക്കുന്നു.<br>Gastric activities slow down. | ആമാശയ പ്രവർത്തനങ്ങൾ സാധാരണനിലയിലാകുന്നു.<br>Gastric activities become normal. |
| കരൾ (Liver) | ഗ്ലൈക്കോജനെ ഗ്ലൂക്കോസാക്കുന്നു.<br>Glycogen is converted to glucose. | ഗ്ലൂക്കോസിനെ ഗ്ലൈക്കോജനാക്കി മാറ്റുന്നു.<br>Glucose is converted to glycogen. |
| കുടൽ (Intestine) | കുടലിലെ പെരിസ്റ്റാൾസിസ് മന്ദീഭവിക്കുന്നു.<br>Peristalsis in the intestine slows down. | കുടലിലെ പെരിസ്റ്റാൾസിസ് സാധാരണനിലയിലാകുന്നു.<br>Peristalsis in the intestine becomes normal. |
| മൂത്രാശയം (Urinary bladder) | മൂത്രാശയം പൂർവസ്ഥിതി പ്രാപിക്കുന്നു.<br>Urinary bladder regains normal state. | മൂത്രാശയം ചുരുങ്ങുന്നു.<br>Urinary bladder contracts. |

KITE VICTERS

## Nervous System and its Disorders
## നാഡീവ്യവസ്ഥയും തകരാറുകളും

| രോഗം (Disease) | കാരണം (Causes) | ലക്ഷണം (Symptoms) |
|---|---|---|
| അൽഷിമേഴ്സ്<br>Alzheimer's | മസ്തിഷ്കത്തിലെ നാഡീകലകളിൽ അലേയമായ ഒരുതരം പ്രോട്ടീൻ അടിഞ്ഞുകൂടുന്നു.<br>ന്യൂറോണുകൾ നശിക്കുന്നു.<br>Accumulation of an insoluble protein in the neural tissues of the brain.<br>Neurons get destroyed. | കേവല ഓർമകൾപോലും ഇല്ലാതാവുക, കൂട്ടുകാരെയും ബന്ധുക്കളെയും തിരിച്ചറിയാൻ കഴിയാതെ വരുക, ദിനചര്യകൾപോലും ചെയ്യാൻ കഴിയാതെ വരുക.<br>Loss of memory, inability to recognize friends and relatives, inability to do routine works. |

| രോഗം (Disease) | കാരണം (Causes) | ലക്ഷണം (Symptoms) |
|---|---|---|
| പാർക്കിൻസൺസ്<br>Parkinsons | മസ്തിഷ്കത്തിലെ പ്രത്യേക ഗാംഗ്ലിയോണുകളുടെ നാശം. തലച്ചോറിൽ ഡോപമിൻ എന്ന നാഡീയപ്രേഷകത്തിന്റെ ഉൽപ്പാദനം കുറയുന്നു.<br>Destruction of specialised ganglions in the brain. Production of dopamine, a neurotransmitter in the brain gets reduced. | ശരീരതുലനനില നഷ്ടപ്പെടുക, പേശികളുടെ ക്രമരഹിതമായ ചലനം, ശരീരത്തിന് വിറയൽ, വായിൽനിന്ന് ഉമിനീർ ഒഴുകുക.<br>Loss of body balance, irregular movement of muscles, shivering of the body, profuse salivation. |

| രോഗം (Disease) | കാരണം (Causes) | ലക്ഷണം (Symptoms) |
|---|---|---|
| അപസ്മാരം<br>Epilepsy | തലച്ചോറിൽ തുടർച്ചയായി ക്രമരഹിതമായ വൈദ്യുതപ്രവാഹമുണ്ടാകുന്നു.<br>Continuous and irregular flow of electric charges in the brain. | തുടരെത്തുടരെയുള്ള പേശീസങ്കോചം മൂലമുള്ള സന്നി, വായിൽനിന്നു നുരയും പതയും വരുക, പല്ല് കടിച്ചുപിടിക്കുക, തുടർന്ന് രോഗി അബോധാവസ്ഥയിലാകുന്നു.<br>Epilepsy due to continuous muscular contraction, frothy discharge from the mouth, clenching of the teeth following which the patient falls unconscious. |

**Prepared by Augustine A S GHS koonathara**


വിവിധ ഉദ്ദീപനങ്ങളെ അനുഭവവേദ്യമാക്കുന്നതിനും അവയോട് പ്രതികരിക്കുന്നതിനും നമ്മെ സഹായിക്കുന്നത് നാഡീവ്യവസ്ഥയാണ്.

The nervous system helps us to experience various stimuli as well as to respond towards them.

അതുകൊണ്ട് തന്നെ ഈ അവയവവ്യവസ്ഥയുടെ ആരോഗ്യ സംരക്ഷണത്തിന് നാം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

Special care should be taken to maintain the health of this organ system.

## For watching online video class of this note




CLICK HERE

**Prepared by Augustine A S GHS koonathara**